

TUESDAY 01/10/2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/10/2024

1. കേരളഗ്രോ ബ്രാൻഡ് സ്റ്റോറുകളുടെയും മില്ലെറ്റ് കഫേകളുടെയും സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (2024 ഒക്ടോബർ 1) വൈകുന്നേരം 3 മണി ഗാർഡൻ റോസ് കൃഷിക്കൂട്ടം ഉള്ളൂർ ജംഗ്ഷനിൽ വച്ച് കൃഷി വകുപ്പ് മന്ത്രിപി പ്രസാദ് നിർവ്വഹിക്കുന്നു. പരിപാടിയിൽ കഴക്കൂട്ടം എം.എൽ.എ കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിക്കുന്നതാണ്.

2. ആഗോള തലത്തിൽ കാപ്പിയുടെ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി അന്താരാഷ്ട്ര കോഫി ഓർഗനൈസേഷന്റെ നേതൃത്വത്തിൽ 2015 മുതൽ എല്ലാ വർഷവും ഒക്ടോബർ 1 അന്താരാഷ്ട്ര കാപ്പി ദിനമായി ആചരിച്ചു വരികയാണ്. കോഫി ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ ഈ വർഷത്തെ അന്താരാഷ്ട്ര കാപ്പി ദിനാഘോഷം ആഘോഷിക്കുന്നതിന്റെ ഭാഗമായി 2024 ഒക്ടോബർ 3ന് രാവിലെ 10.30 നു സുൽത്താൻ ബത്തേരി നഗരസഭാ ടൗൺ ഹാളിൽ നടത്തപ്പെടുന്ന പരിപാടിയിൽ വയനാട് ജില്ലാ കളക്ടർ. ഡി. ആർ. മേഘശ്രീ IAS പങ്കെടുക്കുന്നതാണ്.

3. കൃഷി വകുപ്പ് നടപ്പിലാക്കുന്ന മില്ലെറ്റ് കഫേ പദ്ധതിയിൽ പാചക മേഖലയിൽ പ്രവീണ്യമുള്ള യുവാക്കളിൽ നിന്നും ദേശിയതല പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുന്നു. ചെറുധാന്യങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന വിഭവങ്ങളുടെ പാചക രീതികൾ സ്വായത്തമാക്കാൻ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ച് (IIMR) ഹൈദരാബാദിലെ ന്യൂട്രി ഹബ്ബിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്ന ഒരാഴ്ചത്തെ പരിശീലന പരിപാടിയിൽ ഹോട്ടൽ മാനേജ്മെന്റ് ബിരുദധാരികളായ 30 വയസിൽ താഴെ പ്രായമുള്ളവർക്കാണ് അവസരം. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർക്ക് directorofmarketingagri@gmail.com എന്ന മെയിൽ വിലാസത്തിൽ ബയോഡാറ്റയും,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രവർത്തിപരിചയവും സഹിതം അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 5. കൂടുതൽ വിവരങ്ങൾക്ക് 9895788163 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. വെള്ളായണി കാർഷിക കോളേജിൽ നിന്നും BV-380 മുട്ട കോഴി കുഞ്ഞുങ്ങൾ ഒന്നിന് 160 രൂപാ നിരക്കിൽ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെയുള്ള സമയത്ത് നേരിട്ട് വന്ന് പിടകോഴി കുഞ്ഞുങ്ങളെ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9037166397 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

5. കേരള കാർഷിക സർവകലാശാല, വെള്ളായണി കാർഷിക കോളേജ് ട്രെയിനിങ് സർവീസ് ന്റെ ആഭിമുഖ്യത്തിൽ നഴ്സറി പരിപാലനവും സൂക്ഷ്മ ജലസേചനവും എന്ന വിഷയത്തിൽ ഒക്ടോബർ മാസം 5ന് രാവിലെ 10 മണി മുതൽ 4 മണിവരെ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. രജിസ്റ്റർ ചെയ്യുവാനുള്ള ഫോൺ നമ്പർ 8891540778

6. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 16-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് രണ്ടു ലക്ഷം (Rs. 2,00,000) രൂപയും ജില്ലാതലത്തിൽ 50,000/- രൂപാ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി 10,000/- രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. മൂന്നു വർഷത്തിനു മേൽ പൂർണമായും ജൈവഭക്ഷണകൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘു വിവരണവും പൂർണ മേൽവിലാസവും വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും 2 ഫോൺ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയക്കരുത്. അപേക്ഷ അയക്കേണ്ട വിലാസം : കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ., ആലപ്പുഴ – 688525. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2024 നവംബർ 30. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447152460, 9447249971 .

7. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പ്രധാനമന്ത്രി മത്സ്യ സമ്പദയോജന പദ്ധതിയുടെ ഘടക പദ്ധതിയായ ഉപ്പുവെള്ള പ്രദേശങ്ങളിൽ ബയോഫ്ളോക് കുളം നിർമ്മാണ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പദ്ധതിയുടെ നിശ്ചിത അപേക്ഷകൾ തലശ്ശേരി, കണ്ണൂർ, മാടായി, അഴീക്കോട് മത്സ്യഭവൻ ഓഫീസുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം ഒക്ടോബർ 15 വൈകീട്ട് നാല് മണിവരെ ഓഫിസുകളിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2732340.

8. തിരുവനന്തപുരം മ്യൂസിയം മൃഗശാലയുടെ നേതൃത്വ ത്തിൽ ഒക്ടോബർ 2 മുതൽ 8 വരെ നടക്കുന്ന വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സ്കൂൾ-കോളജ് വിദ്യാർ ഥികൾക്കായി പെയിന്റിങ്, പോസ്റ്റർ രചന, ക്വിസ്, സംവാദ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9497875917, വെബ് സൈറ്റ് www.museumandzoo.kerala.gov.in

**പരിശീലന പരിപാടി**

9. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ 09, 10 തീയതികളിൽ 2 ദിവസത്തെ 'തീറ്റപ്പുൽകൃഷി പരിശീലന' പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2024 ഒക്ടോബർ 7-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 – 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം